കേരള വികസന പദ്ധതി

129 [132] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, എം. മുരളി:
,, എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വികസന പദ്ധതി അനുസരിച്ച് എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് തിരുവനന്തപുരം നഗരസഭ വിഭാവനം ചെയ്തിരുന്നത്;

(ബി) അതിൽ എന്തെല്ലാം പദ്ധതികളാണ് പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) നടപ്പാക്കാത്ത പദ്ധതികൾ ഏതെല്ലാം;

(ഡി) ഭാഗികമായോ പൂർണ്ണമായോ നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് അഴിമതി ആരോപണം ഉണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം നൽകുമോ;

(എഫ്) കേരള വികസന പദ്ധതിയെ സംബന്ധിക്കുന്ന എന്തെല്ലാം കാര്യങ്ങളെപ്പറ്റിയാണ് ഓംബുഡ്സ്മാൻ സ്വമേധയാ കേസെടുത്തത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭയുടെ കേരള വികസന പദ്ധതി പ്രകാരം 2003-2004-ൽ താഴെ പറയുന്ന 20 വിഷയങ്ങളിലായി 730 പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് നഗരസഭ വിഭാവനം ചെയ്തിരുന്നത്.

വിഷയങ്ങൾ: കൃഷി, മൃഗസംരക്ഷണം, മത്സ്യമേഖല, ജലസേചനം, ഐ. ടി., വിദ്യാഭ്യാസം, സംസ്കാരം, ആരോഗ്യം—ശുചിത്വം, കുടിവെള്ളം, പാർപ്പിടം, ചേരി പരിഷ്കരണം, സാമൂഹ്യക്ഷേമം, വനിതാ ശിശുക്ഷേമം, പൊതു സാമ്പത്തികം (പദ്ധതി ഏകോപനം), ഊർജ്ജം, പൊതുമരാമത്ത്, നഗരാസൂത്രണം, പൊതുകെട്ടിടങ്ങൾ, വ്യവസായം, പട്ടികജാതി വികസനം.

(ബി) ഇതിൽ 51 പദ്ധതികൾ പൂർണ്ണമായും 69 പദ്ധതികൾ ഭാഗികമായും തീർന്നിട്ടുള്ളതാണ്.

(സി) ഇതിൽ 610 പദ്ധതികൾ ബാക്കിയുണ്ടായിരുന്നത് സ്പിൽ ഓവർ പദ്ധതികളായി ഇപ്പോൾ നടന്നുവരുന്നു. (തിരുവനന്തപുരത്ത് അനുഭവപ്പെട്ട അതിരൂക്ഷമായ വരൾച്ച നേരിടുന്നതിനുവേണ്ടി 2004 മാർച്ച് മാസത്തിൽ തയ്യാറാക്കിയ 245 കുടിവെള്ള പദ്ധതികളും ഈ സ്പിൽ ഓവർ പദ്ധതികളിൽ ഉൾപ്പെടുന്നതാണ്).

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബാധകമല്ല.

(എഫ്) ഓംബുഡ്സ്മാൻ സ്വമേധയാ കേസെടുത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. കൃഷി
2. മൃഗസംരക്ഷണം
3. മത്സ്യമേഖല
4. വ്യവസായം
5. ചാക്ക കെയർ ഹോം
6. സാംസ്കാരികം
7. ചേരി പരിഷ്ക്കരണം
8. ടാർ മിക്സിംഗ് പ്ലാന്റ്
9. ഊർജ്ജം

'തൊഴിലിന് ഭക്ഷണം' പദ്ധതി

130 [133] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, സി. പി. മുഹമ്മദ്:
,, എ. പി. അനിൽകുമാർ:
,, വർക്കല കഹാർ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 'തൊഴിലിന് ഭക്ഷണം' എന്ന പദ്ധതി അനുസരിച്ച് ഇടുക്കി ജില്ലാ പഞ്ചായത്തിന് എത്ര അരി കിട്ടിയിട്ടുണ്ട്;

(ബി) അരിക്ക് ആനുപാതികമായി ജില്ലാ പഞ്ചായത്ത് എന്തു തുക ചെലവഴിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഈ അരിയും ജില്ലാ പഞ്ചായത്ത് വിഹിതവും ചെലവഴിച്ചതിൽ ക്രമക്കേടുണ്ടായിട്ടുള്ളതായി ആരോപണം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഇതേപ്പറ്റി വിശദമായ അന്വേഷണം നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003-2004, 2004-2005 സാമ്പത്തിക വർഷങ്ങളിലായി എസ്.ജി.ആർ.വൈ. സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ പദ്ധതി പ്രകാരം ആകെ 3434.940 മെട്രിക് ടൺ ഭക്ഷ്യധാന്യം ലഭിച്ചിട്ടുണ്ട്.

(ബി) 70.988 ലക്ഷം രൂപ ചെലവഴിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly